പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

പതിനേഴാമത് റിപ്പോർട്ട്

(2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

762/2008.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 11 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006–2008)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. എ. സുധാകരൻ നായർ, ജോയിന്റ് സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. എസ്. ദേവദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998 മുതൽ 2002 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2008, മാർച്ച് 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2008 ജൂൺ, 26.

# റിപ്പോർട്ട്

## പാലക്കാട് ജില്ലാ പഞ്ചായത്ത്

<u>ആഡിറ്റ് ഖണ്ഡിക</u>

**പ്രിൻസിപ്പൽ കൃഷി ഓഫീസർ 55 ലക്ഷത്തിൽപ്പരം രൂപ ക്രമരഹിതമായി സെൽഫ് ചെക്കെഴുതി പിൻവലിച്ചു. ചെലവിന് മതിയായ രേഖകളില്ല**

"പാലക്കാട് ജില്ലാ പഞ്ചായത്തിൽ 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ പേരിൽ പ്രിൻസിപ്പൽ, കൃഷി ഓഫീസർ 55,82,000 രൂപ പഞ്ചായത്ത് രാജ് നിയമങ്ങൾ, ജനകീയാസൂത്രണ ചട്ടങ്ങൾ, കേരളാ ഫിനാൻഷ്യൽ കോഡ് തുടങ്ങിയവ പാടെ ലംഘിച്ചുകൊണ്ട് സ്വന്തം പേരിൽ ചെക്കുകളെഴുതി പിൻവലിക്കുകയുണ്ടായി. പദ്ധതി വർഷം അവസാനിക്കുന്നതിന് തൊട്ട് തലേ ദിവസം 29-6-1998-ൽ പണമാക്കി മാറ്റിയ ഈ തുകയുടെ ചെലവ് സംബന്ധമായ ശരിയായ രേഖകളൊന്നും തന്നെ ലഭ്യമല്ല. ചെക്ക് രജിസ്റ്ററോ ക്യാഷ് ബുക്കോ സൂക്ഷിച്ചിട്ടില്ല. ചെക്കുകളുടെ കൗണ്ടർ ഫോയിലിൽ കാണുന്ന ചില കുറിപ്പുകൾ മാത്രമാണ് ഏക അവലംബം. ഇത്തരത്തിലുള്ള വിവിധ സെൽഫ് ചെക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക (Rs) |
|---|---|
| 985407/29-6-1998 | 28,000 |
| 985409/29-6-1998 | 17,500 |
| 985410/29-6-1998 | 50,000 |
| 985412/29-6-1998 | 75,000 |
| 985413/29-6-1998 | 4,97,000 |
| 985414/29-6-1998 | 11,00,000 |
| 985415/29-6-1998 | 10,00,000 |
| 985416/29-6-1998 | 4,75,000 |
| 985417/29-6-1998 | 7,50,000 |
| 985418/29-6-1998 | 7,50,000 |
| 985419/29-6-1998 | 79,500 |
| 985421/29-6-1998 | 7,60,000 |
| ആകെ | 55,82,000 |

762/2008.

വിവിധ സ്ഥാപനങ്ങളുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റുകൾ എടുക്കാൻ പണം പിൻവലിക്കുന്നു എന്നാണ് ചെക്കുകളുടെ കൗണ്ടർ ഫോയിലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡിമാന്റ് ഡ്രാഫ്റ്റുകൾ എടുത്തതിന്റെ യാതൊരു രേഖയും ഇല്ലാതിരിക്കുകയും നിരവധി മാസങ്ങൾ കഴിഞ്ഞു മാത്രമേ യഥാർത്ഥത്തിൽ ചെലവു വന്നിട്ടുള്ളൂ എന്ന ചില സൂചനകളും ചേർത്തു നോക്കുമ്പോൾ പണം താൽക്കാലികമായി തിരിമറി നടന്നിട്ടുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവുകൾക്ക് ചെക്ക് മാത്രമേ നൽകാവൂ എന്നും സ്വന്തം നിലയ്ക്ക് പണമാക്കി മാറ്റരുത് എന്നും വികേന്ദ്രീകരണ-ആസൂത്രണവുമായി ബന്ധപ്പെട്ട സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ 676/97/ഫിൻ. തീയതി 6-8-1997-ൽ വ്യക്തമായി പറയുന്നുണ്ട്. ലോക്കൽ ബോഡിയിൽ നിന്നുള്ള തീരുമാനത്തിന്റെയും അധികാരപ്പെടുത്തൽ കത്തിന്റെയും അടിസ്ഥാനത്തിൽ വേണം ഓരോ പിൻവലിക്കലും നടത്തുവാൻ. എന്നാൽ അധികാരപ്പെടുത്തൽ കത്തില്ലാതെയും വൗച്ചർ എഴുതി പാസ്സാക്കാതെയും ചെക്ക് രജിസ്റ്റർ എഴുതാതെയും ആണ് പ്രസ്തുത ചെക്കുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. പണത്തിന്റെ തുടർന്നുള്ള വിനിയോഗം പരിശോധിക്കാനും യാതൊരുവിധ രജിസ്റ്ററുകളോ ക്രോഡീകൃത രേഖകളോ ഇല്ല. ഓഫീസ് കത്തിടപാടുകളുടെയും കുറിപ്പുകളുടെയും മറ്റും അനേകം കടലാസുകളടങ്ങിയ നാലു ഫയൽ കെട്ടുകൾ മാത്രമാണ് ചെലവു സംബന്ധമായ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭിച്ചത്. ഇവ ദിവസക്രമം അനുസരിച്ചോ സ്കീമനുസരിച്ചോ നമ്പരിടുകയോ അടുക്കിവയ്ക്കുകപോലുമോ ചെയ്തിട്ടില്ല. കുറേ പണം പല സ്കീമുകൾക്കായി ചെലവായിട്ടുണ്ട് എന്ന് വിവിധ ക്യാഷ് ബില്ലുകൾ, പെർമിറ്റുകൾ, ഇൻവോയ്സുകൾ എന്നിവയിൽനിന്നും അനുമാനിക്കാനേ നിർവ്വാഹമുള്ളൂ.

പദ്ധതി വിഹിതം അതിന്റെ കാലയളവ് അവസാനിക്കുന്ന 30-6-1998-ൽ കൈവശം വച്ചിരിക്കെ അത് ചെലവഴിച്ചതായും പദ്ധതി ലക്ഷ്യം കൈവരിച്ചതായും സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചതും ഗുരുതരമായ കുറ്റമാണ്.”

ഓഡിറ്റ് ഖണ്ഡിക

**സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലയുടെ നിർമ്മാണത്തിന്റെ പേരിൽ 7,21,714 രൂപ ഇരുപത് മാസം കൈവശം സൂക്ഷിച്ചു**

“പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലയുടെ നിർമ്മാണത്തിനായി 11 ലക്ഷം രൂപ 29-6-1998-ൽ സെൽഫ് ചെക്ക് നമ്പർ 985414 പ്രകാരം പണമായി ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ 7,21,714 രൂപ ഇരുപത് മാസത്തോളം അനാവശ്യമായി സർക്കാർ ഫണ്ടിന് പുറമേ സൂക്ഷിക്കുകയായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടെത്തി.

വാഹനത്തിന്റെ വിലയായി ടെൽക്കോയ്ക്ക് 3,78,286 രൂപ, ബോഡി നിർമ്മാണത്തിന്റെ പേരിൽ രേവതി എന്റർപ്രൈസസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 2,90,500 രൂപ, മലമ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 4,31,214 രൂപ എന്നിങ്ങനെ തുകകൾ നൽകാൻ ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിന് വേണ്ടി

പതിനൊന്ന് ലക്ഷം രൂപ പിൻവലിക്കുന്നു എന്നാണ് ചെക്കിന്റെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെൽകോയ്ക്ക് വാഹനത്തിന്റെ വിലയായി 31-8-1998-ൽ നൽകിയ 3,78,286 രൂപ കിഴിച്ച് 7,21,714 രൂപ ഇരുപത് മാസത്തിന് ശേഷം 9-3-2000-ൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ട്രഷറി പി.ഡി. അക്കൗണ്ടിൽ മടക്കി ക്രെഡിറ്റ് ചെയ്തിട്ടുള്ളതായാണ് കാണുന്നത്. ഇത്രയും ഭീമമായ തുക അനാവശ്യമായി പിൻവലിച്ച് ദീർഘകാലം പുറമെ സൂക്ഷിച്ചിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

വാഹനത്തിന്റെ ബോഡി നിർമ്മിക്കുന്നതിന് പുനർദർഘാസ് പരസ്യം ചെയ്യുന്നത് 31-5-1999-നും രേവതി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് കരാർ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് അനുമതി നൽകിയത് 22-10-1999-നും ആണെന്നിരിക്കെ അതിനും വളരെ മുൻപെ 29-6-1998-ൽ ഈ ആവശ്യത്തിനായി പ്രസ്തുത സ്ഥാപനത്തിനും മറ്റും നൽകാനെന്ന പേരിൽ പണം പിൻവലിച്ചതിൽ ദുരൂഹതയുണ്ട്.

ഇതിനും പുറമെ വാഹനം വാങ്ങുന്നതിനും ബോഡി നിർമ്മിക്കുന്നതിനുമായി കൈക്കൊണ്ട നടപടികളും ക്രമപ്രകാരമായിരുന്നില്ല. വാഹനം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ ബോഡി നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ബോഡി നിർമ്മാണത്തിനായുള്ള സ്പെസിഫിക്കേഷനുകൾ രേവതി എന്റർപ്രൈസസ് തന്നെ തയ്യാറാക്കി നൽകിയിരിക്കുന്നതായാണ് കാണുന്നത്.

ഈ സാഹചര്യത്തിൽ 7,21,714 രൂപ സർക്കാർ ഫണ്ടിൽ നിന്നും ക്രമരഹിതമായി പിൻവലിച്ച് ഇരുപത് മാസത്തോളം കൈവശം സൂക്ഷിച്ചിരുന്നതുമൂലമുള്ള നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതുണ്ട്. ഈ ഇടപാടിൽ സംഭവിച്ചിട്ടുള്ള ക്രമക്കേടുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുന്നതും ഉചിതമായിരിക്കും."

ഓഡിറ്റ് ഖണ്ഡിക

**ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതി ചെലവിന് രേഖയില്ല; പ്രതിഫലം നൽകിയതിൽ അവ്യക്തത**

"ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതിയുടെ പേരിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രിൻസിപ്പൽ കൃഷി ഓഫീസർ 29-6-1998-ൽ ഒരു ലക്ഷം രൂപ പണമാക്കി മാറ്റിയതിൽ 50,000 രൂപയുടെ ചെലവു സംബന്ധമായ രേഖകൾ മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്.

ഈ പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കൽ, പരിശീലന പരിപാടി എന്നിവയുടെ പ്രതിഫലമായി കേരള കാർഷിക സർവ്വകലാശാലയിലെ ഡോ. പത്തിയൂർ ഗോപിനാഥ് മൊത്തം 50,000 രൂപ കൈപ്പറ്റിയിട്ടുള്ളതായി ലഭ്യമായ രേഖകളിൽ കാണുന്നു. ഇതിൽ 25,000 രൂപ സ്വീകരിച്ചതിനായി അദ്ദേഹം 24-7-1998-ൽ കേരള കാർഷിക സർവ്വകലാശാല ടീച്ചേഴ്സ് ഓർഗനൈസേഷന്റെ പേരിലുള്ള ലെറ്റർ ഹെഡിലാണ് കൈപ്പറ്റ് രസീത് നൽകിയിരിക്കുന്നത്. ഈ ഇനത്തിൽ പണം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. പണം നൽകിയതിന്റെ

മാനദണ്ഡവും പണം കൈപ്പറ്റുന്നതിനായി സർവ്വകലാശാലയിലെ അദ്ധ്യാപകനായ ഡോ. പത്തിയൂർ ഗോപിനാഥ് ബന്ധപ്പെട്ട അധികൃതരിൽ നിന്നും അനുമതി നേടിയിരുന്നോ എന്ന. കാര്യവും അവ്യക്തമാണ്.

ഈ സാഹചര്യത്തിൽ ഊർജ്ജിത നെല്ലുൽപ്പാദന പദ്ധതിക്കായി പിൻവലിച്ച ഒരു ലക്ഷം രൂപയിൽ ചെലവിന് രേഖകൾ ലഭ്യമല്ലാത്ത 50,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയും പ്രതിഫലമായി നൽകിയ 50,000 രൂപയുടെ അർഹതയെപ്പറ്റി കൂടുതൽ പരിശോധനകൾ നടത്തുകയും ചെയ്യേണ്ടതാണ്

ഇതുപോലെ തന്നെ, വനിതാ പച്ചക്കറികൃഷി വികസന പദ്ധതിക്കായി പിൻവലിച്ച തുകയിലും 50,000 രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കാനുണ്ട്. പ്രസ്തുത തുകയും ഉത്തരവാദിയായവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്."

ഓഡിറ്റ് ഖണ്ഡിക

**പത്തുലക്ഷം രൂപയുടെ കുളം നന്നാക്കൽ/നിർമ്മാണ പ്രവൃത്തികൾ-അളവു പുസ്തകങ്ങൾ**

"പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോങ്ങാട്, ആലത്തൂർ, കുന്നത്തൂർ, അനങ്ങനടി, മുതലമട എന്നീ അഞ്ച് സീഡ് ഫാമുകളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ പത്തുലക്ഷത്തോളം രൂപ ചെലവാക്കി നടത്തിയ കുളം നന്നാക്കൽ/കൊക്കരിണി നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാകുന്ന അളവു പുസ്തകങ്ങൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ മുതലായവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണ പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തിയ മലമ്പുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) തയ്യാറാക്കിയ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നിന്നു തന്നെ വിവിധ അധികച്ചെലവുകൾ കണ്ടെത്താനായിട്ടുണ്ട്. കുന്നത്തൂർ ഫാമിലെ ജലസേചന കനാൽ നിർമ്മാണത്തിൽ മണ്ണു വെട്ടുന്ന ജോലിക്ക് 3,741 രൂപ അധികം നൽകിയത് ഒരു ഉദാഹരണമാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃതറിപ്പോർട്ട് ഖണ്ഡിക IV.85 (a),(b),(c), &(d) ]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 19-11-2005-ലെ എ3-486/97 നമ്പർ കത്തുപ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:—

1. "ഓഡിറ്റ് പരാമർശ വിഷയങ്ങളിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ (റിട്ടയേഡ്) വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി ഈ ഓഫീസിൽ നിന്നും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം 26,086 രൂപ ടിയാളിൽ നിന്ന് ഈടാക്കാൻ തദ്ദേശസ്വയംഭരണ (പി.എ) വകുപ്പ് സെക്രട്ടറി 30-3-2005-ലെ 18484/PA1/01/തസ്വഭവ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്."

2. ഓഡിറ്റ് പരാമർശം ഉന്നയിക്കപ്പെട്ട കാലഘട്ടത്തിൽ ശ്രീമതി ലളിത ടി. ഡേവിഡായിരുന്നു കൃഷിവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥ എന്നും അവർ സർവ്വീസിൽ നിന്നും വിരമിച്ചിട്ട് രണ്ടു വർഷത്തോളമായി എന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ ചോദ്യത്തിനുത്തരമായി മറുപടി നൽകി. ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടായ സമയത്ത് എന്തു നടപടി സ്വീകരിച്ചു എന്ന ചോദ്യത്തിന് ഹിയറിങ് നടത്തുകയും റിപ്പോർട്ട് ഗവൺമെന്റിനു നൽകുകയും ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

3. റിട്ടയർ ചെയ്തപ്പോൾ ശ്രീമതി ലളിത ടി. ഡേവിഡിന് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ എന്ന ചോദ്യത്തിന് എൻ. എൽ. സി. നൽകിയിട്ടുണ്ട് എന്നു പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ കൃഷിവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ആൾ ആയിരുന്നു എന്നും ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് കൃഷിവകുപ്പ് പഞ്ചായത്തു വകുപ്പിനോട് ഇതു സംബന്ധിച്ച് യാതൊരുവിധ കത്തിടപാടും നടത്തിയിട്ടില്ല എന്നും പഞ്ചായത്തു വകുപ്പ് ടിയാൾക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിന് ശുപാർശ നൽകിയിട്ടില്ല എന്നും സമിതി മനസ്സിലാക്കി.

4. ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ പേരിൽ 55,82,000 രൂപയുടെ ബാദ്ധ്യത ഉണ്ടായിരുന്നത് അവരുടെ മറുപടിയുടെയും വിശദീകരണത്തിന്റെയും വെളിച്ചത്തിൽ 26,086 രൂപയുടെ ബാദ്ധ്യതയായി ചുരുക്കുകയും ആയത് പഞ്ചായത്തിൽ ഒടുക്കേണ്ടതാണ് എന്ന് അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

5. 26,086 രൂപ ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യതയായി നിശ്ചയിച്ചുള്ള അറിയിപ്പ് എന്നാണ് ലഭിച്ചതെന്നും എന്നാണ് ഇതു സംബന്ധിച്ച രജിസ്റ്റേർഡ് നോട്ടീസ് അവർക്കു നൽകിയതെന്നും സമിതി ആരാഞ്ഞതിന്, 2005 മാർച്ച് 30-ാം തീയതിയാണ് ഗവൺമെന്റിൽ നിന്നും പഞ്ചായത്തിന് പ്രസ്തുത അറിയിപ്പു നൽകിയത് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. എന്നാൽ ജില്ലാ പഞ്ചായത്തു ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചത് ശ്രീമതി ലളിതാ ഡേവിഡിന് 30-11-2005-ൽ മാത്രമാണ് ഇതു സംബന്ധിച്ച രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുള്ളത് എന്നാണ്. എന്നാൽ ബാദ്ധ്യത തിട്ടപ്പെടുത്തി ഗവൺമെന്റിൽ നിന്നും കൃഷിവകുപ്പു ഡയറക്ടർക്കുള്ള കത്തും അതിന്റെ പകർപ്പ് ലോക്കൽ ഫണ്ട് വകുപ്പു ഡയറക്ടർക്കും നൽകിയതല്ലാതെ ബാദ്ധ്യത ഈടാക്കി നൽകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് കൃഷി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടില്ല എന്നു ജില്ലാ പഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു. എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്ന സമിതിയുടെ ചോദ്യത്തിന് കൃഷിവകുപ്പ് ഡയറക്ടർ നടപടി കൈക്കൊള്ളും എന്ന ധാരണയിലായിരുന്നുവെന്നും ഇക്കാര്യത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി കൂടി തീരുമാനമെടുക്കുന്നതാണ് എന്നും പാലക്കാട് ജില്ലാ പഞ്ചായത്തു സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

6. ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യത 26,086 രൂപയായി ഗവൺമെന്റ് നിജപ്പെടുത്തിയതിനെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അംഗീകരിക്കുന്നില്ല എന്നും

ഇക്കാര്യത്തിൽ വിയോജിപ്പുള്ളതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തദ്ദേശസ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു ഉന്നതതലയോഗം ചേർന്ന് ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് 18-4-2001-ൽ തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പിന്നീട് 19-7-2007-ലെ എൽ.എഫ്.12501/സ്പെ.സെൽ./ജി.വ./07 കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് താഴെ പറയുന്ന വിവരങ്ങൾ സമിതിക്കു ലഭ്യമാക്കി.

7. പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറായിരുന്ന ശ്രീമതി ലളിത ടി. ഡേവിഡിന് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപയുടെ ഓഡിറ്റ് പരാമർശമുണ്ടായിട്ടും 26,086 രൂപ മാത്രം ബാധ്യതയായി നിശ്ചയിച്ചതു സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾ സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

8. ജനകീയാസൂത്രണത്തിന്റെ ആദ്യ വർഷമായതിനാലും നിർവഹണ ഉദ്യോഗസ്ഥ കൃഷി വകുപ്പ് ജീവനക്കാരിയായതിനാലും പദ്ധതി നടത്തിപ്പിനെപ്പറ്റി ആശയവ്യക്തതയില്ലാതെ പോയതിനാലുമാകാം പദ്ധതി നടത്തിപ്പിൽ വ്യാപകമായ അപാകതകൾ സംഭവിച്ചിട്ടുള്ളത്. എങ്കിലും 1997-98 വർഷത്തെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിവിഹിതമായ 56 ലക്ഷം രൂപ ഉപയോഗിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസറായ ശ്രീമതി ലളിത ടി. ഡേവിഡ്, പദ്ധതി നിർവഹണത്തിൽ നടത്തിയ ഗുരുതരമായ ചട്ടലംഘനങ്ങളും അതുവഴി ജില്ലാ പഞ്ചായത്തിനു വരുത്തിയ ധനനഷ്ടങ്ങളും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടതും സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ വസ്തുതകൾ ഈ വകുപ്പിലെ 18-4-2001-ലെ എൽ.എഫ്. 5594/പി.റ്റി.2/01-ാം നമ്പർ അർദ്ധ ഔദ്യോഗികകത്തുകളിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയേയും പഞ്ചായത്ത് ഡയറക്ടറേയും അറിയിച്ചിരുന്നു. നിർവഹണോദ്യോഗസ്ഥ കൃഷി വകുപ്പിലെ ജീവനക്കാരിയായതിനാൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിക്കാൻ സാധ്യമല്ലായെന്നറിയിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് കണ്ടെത്തലുകൾ കൃഷി വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ഇന്റേണൽ ഓഡിറ്റ് സംവിധാനം ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തിരുന്നു. മറുപടികളൊന്നും ലഭിക്കാത്തതിനാൽ ശ്രീമതി ലളിത ടി. ഡേവിഡിന് 15-3-2002-ൽ ഈ വകുപ്പിൽ നിന്നും 1,81,934 രൂപയ്ക്ക് സർചാർജ് നോട്ടീസ് നൽകുകയുണ്ടായി. അതിന് നിർവഹണ ഉദ്യോഗസ്ഥ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തുകയും മനഃപൂർവ്വം പദ്ധതി നിർവഹണം തടസ്സപ്പെടുത്താൻ ശ്രമിച്ചിട്ടില്ലെന്നും ഡി.ഡി. ആയി തുക കൈവശം വച്ചിരുന്നതുകൊണ്ട് ധനദുർവിനിയോഗം നടത്തിയിട്ടില്ലായെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1,55,848 രൂപയുടെ തടസ്സം ഒഴിവാക്കാമെന്ന് ശുപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 14-9 (3), 14-10 (എ), 14-10 (ബി) പ്രകാരം തടസ്സപ്പെടുത്തിയ 26,086 രൂപ മാത്രം സൂചന (3) പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

9. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 21-8-2004-ൽ ശ്രീമതി ലളിത ടി. ഡേവിഡിന്റെ വിശദീകരണം പരിശോധിച്ച്, ഈ വകുപ്പിന്റെ അഭിപ്രായം അറിയിക്കാനാവശ്യപ്പെടുകയുണ്ടായി. പാലക്കാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധന റിപ്പോർട്ടനുസരിച്ച് 1,55,848 രൂപയുടെ ബാധ്യത ഒഴിവാക്കാമെന്നും 26,086 രൂപയുടെ തടസ്സവാദങ്ങൾക്ക് സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ അവ ഒഴിവാക്കുവാൻ പര്യാപ്തമല്ലെന്നുമുള്ള വകുപ്പിന്റെ അഭിപ്രായമറിയിക്കുകയും ചെയ്തു. അതേ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 30-3-2005-ൽ 26,086 രൂപ ശ്രീമതി ലളിത ടി. ഡേവിഡിൽ നിന്നും ഈടാക്കാനുള്ള നിർദ്ദേശം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയെങ്കിലും പ്രസ്തുത തുക ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളൊന്നും ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.

### നിഗമനങ്ങൾ/ശുപാർശകൾ

10. പദ്ധതി നിർവ്വഹണോദ്യോഗസ്ഥയും പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുമായിരുന്ന ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യതയായ 26,080 രൂപ അവരിൽ നിന്നും അടിയന്തിരമായി ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവുവെയ്ക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിക്കു ലഭ്യമാക്കണമെന്നു സമിതി ആവശ്യപ്പെടുന്നു.

11. ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യത 26,080 രൂപയായി നിശ്ചയിച്ചുകൊണ്ട് 2005 മാർച്ച് 30-ാം തീയതി ഗവൺമെന്റിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടും പഞ്ചായത്തിനു ലഭിക്കേണ്ട തുക കൃഷി വകുപ്പ് ഈടാക്കി അടയ്ക്കും എന്ന ധാരണയോടുകൂടി തികച്ചും ലാഘവബുദ്ധിയോടെ വിഷയം കൈകാര്യം ചെയ്ത ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ നടപടിയെ സമിതി അപലപിക്കുന്നു. 8 മാസത്തോളം ഇക്കാര്യത്തിൽ മൗനം ദീക്ഷിച്ച പഞ്ചായത്ത് സമിതി, ഈ വിഷയം 23-11-2005-നു നിയമസഭാ സമിതി പരിശോധിച്ചതിനുശേഷം മാത്രമാണ് അതായത് 30-11-2005-നാണ് രജിസ്റ്റേർഡ് നോട്ടീസ് ബാദ്ധ്യസ്ഥന് അയച്ചിട്ടുള്ളത്. പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് അലംഭാവം കാണിച്ച പഞ്ചായത്തു സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കർഷക-കാർഷിക തൊഴിലാളി ബോധവൽക്കരണ പരിപാടി നടത്തിപ്പിൽ ധനദുർവിനിയോഗം**

"പാലക്കാട് ജില്ലാ പഞ്ചായത്തിൽ ജില്ലാ ലേബർ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1998 ജൂൺ മാസം നടപ്പിലാക്കിയ കർഷക-കാർഷിക തൊഴിലാളി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ഒട്ടേറെ ധനദുർവിനിയോഗവും പാഴ്ചെലവുകളും നടന്നിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. പതിമൂന്ന് ബ്ലോക്കുകളിലായി നടത്തിയ ഓരോ ഏകദിന സെമിനാറുകളുടെ പേരിൽ മൊത്തം 5,62,230 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതിയുടെ രൂപരേഖ പ്രകാരം 500 വാർഡുകളിൽ സെമിനാറുകൾ നടത്തുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ 13 സെമിനാറുകളായി പരിപാടി പുനഃക്രമീകരിക്കുകയാണ് ചെയ്തത്. പക്ഷെ ഇതനുസരിച്ച് പ്രോജക്ട് പുതുക്കി തയ്യാറാക്കി അംഗീകരിക്കുകയോ അതനുസരിച്ച് ധനകാര്യ വിശകലനം നടത്തി പദ്ധതി ചെലവ് പുനർനിർണ്ണയിക്കുകയോ ചെയ്തില്ല. പണം പാഴ്ചെലവ് വന്നതിനും ചെലവു ചെയ്തതിലെ ധൂർത്തിനും ഇത് കാരണമായിട്ടുണ്ട്. യാത്രാബത്ത, ഭക്ഷണം, റിസോഴ്സ് പേഴ്സൺമാർക്കുള്ള ബത്ത, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങളിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ യഥേഷ്ടം വൗച്ചറുകളെഴുതി ചെലവ് കാണിച്ചിരിക്കുകയാണ്.

പ്രോജക്ട് നടത്തിപ്പിനായി മൊത്തം 6 ലക്ഷം രൂപ 27-5-1998 മുതൽ 10-6-1998 വരെ സെൽഫ് ചെക്കുകൾ എഴുതി പിൻവലിക്കുകയായിരുന്നു. അതാത് ചെലവുകൾക്ക് അപ്പപ്പോൾ പണം ചെക്കായി മാത്രം ചെലവു ചെയ്യുക എന്ന ചട്ടത്തെ കാറ്റിൽ പറത്തിയാണ് ഈ വിധം പണം സ്വന്തം പേരിൽ മാറിയെടുത്തത്.

ഉത്തമ താൽപ്പര്യപ്രകാരമല്ലാത്ത ചെലവുകൾ യാത്രാബത്തയിനത്തിലാണ് അധികവും കാണുന്നത്. ടാക്സി യാത്രാചെലവിന് ആധാരമായ യാത്രാഡയറിയോ സഞ്ചരിച്ച ദൂരം, സ്ഥലങ്ങൾ, ഉദ്ദേശം, കിലോമീറ്റർ നിരക്ക് തുടങ്ങിയ വിവരങ്ങളുമോ ലഭ്യമല്ല. ലേബർ ഓഫീസിൽ സ്വന്തമായുള്ള ഡീസൽ ജീപ്പ് (നമ്പർ കെ. എൽ. 5.ഡി. 2397) 1-6-1998 മുതൽ 30-6-1998 വരെയുള്ള കാലയളവിൽ അതിന്റെ ലോഗ് ബുക്ക് പ്രകാരം ഇതേ ആവശ്യത്തിനായി 3529 കിലോമീറ്റർ സഞ്ചരിച്ചിട്ടുള്ളതായി കാണുമ്പോൾ തന്നെയാണ് ടാക്സി ചാർജിനത്തിലും വൻ തുകകൾ കൈപ്പറ്റിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ വിവിധ വൗച്ചറുകൾ പ്രകാരം 5-6-1998 മുതൽ 27-6-1998 വരെ ടാക്സി ചാർജിനത്തിൽ നൽകിയെന്ന് കാണിച്ചിട്ടുള്ള 18,221 രൂപ ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. ചില സർക്കാർ ഉദ്യോഗസ്ഥരും കൈപ്പറ്റ് രസീത് നൽകി ടാക്സി ചാർജ് സ്വീകരിച്ചിട്ടുണ്ട്.

സെമിനാറുകളിൽ റിസോഴ്സ് പേഴ്സണുകളെ പങ്കെടുപ്പിച്ചതിലും ക്രമക്കേടുകൾ കാണുന്നുണ്ട്. ഇവരുടെ എണ്ണം നൽകിയ ബത്ത, ടാക്സി കൂലി തുടങ്ങിയ വിഷയങ്ങളിൽ യാതൊരു മാനദണ്ഡങ്ങളും സ്വീകരിച്ചിരുന്നില്ല. വൻ തുകകളാണ് ഈ ഇനത്തിൽ ചെലവായിട്ടുള്ളത്.

ജില്ലാ ലേബർ ഓഫീസിലെ 20 ജീവനക്കാർക്ക് ഈ പരിപാടിയുമായി ബന്ധപ്പെട്ട് ഒരു ദിവസം 50 രൂപ നിരക്കിൽ മൊത്തം 10,550 രൂപ പ്രതിഫലം നൽകുകയുണ്ടായി. ഇതിൽ ഡ്യൂട്ടിദിനങ്ങൾ കണക്കാക്കിയതിലും പിഴവ് വന്നിട്ടുണ്ട്. ഓഫീസിലെ ഹാജർ പുസ്തകവും പണം നൽകിക്കൊണ്ടുള്ള ഉത്തരവിലെ വിവരങ്ങളും ഒത്തുനോക്കിയപ്പോൾ വിവിധ ജീവനക്കാർക്കായി 34½ അധിക പ്രവൃത്തിദിനങ്ങൾ കണക്കാക്കി 1,725 രൂപ അധികം നൽകിയതായും കാണുന്നു. പ്രോജക്ടിന്റെ ഭാഗമായി നടത്തിയ 13 സെമിനാറുകളിലായി ആകെ 3689 പേരാണ് പങ്കെടുത്തിട്ടുള്ളത്. മൊത്തം ചെലവ് 5,62,230 രൂപയും ഇത്രവലിയ ചെലവഴിച്ച് നടത്തിയ ബോധവൽക്കരണ പരിപാടിയിലൂടെ എന്തുമാത്രം ഉദ്ദേശലക്ഷ്യങ്ങൾ സാധിതമായി എന്നും വിലയിരുത്തേണ്ടിയിരിക്കുന്നു. അഞ്ഞൂറ് സെമിനാറുകൾ നടത്തണമെന്ന ആദ്യതീരുമാനം മാറ്റിമറിച്ചതും പുതിയ പ്രോജക്ടിന് അംഗീകാരം വാങ്ങാതിരുന്നതും ഗുരുതരമായ പാളിച്ചകളാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.85(e)]

<u>ഓഡിറ്റ് ഖണ്ഡികയ്ക്ക് 19-11-2005-ലെ എ3-486/97 നമ്പർ കത്തുപ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി</u>—

12. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചെന്താണ് പറയുവാനുള്ളതെന്ന് സമിതിയാരാഞ്ഞതിന് പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ജില്ലാ ലേബർ ഓഫീസറായിരുന്നെന്നും 500 സെന്ററുകളിലായി ബോധവൽക്കരണം നടത്തണമെന്നുമായിരുന്നു ആദ്യത്തെ പദ്ധതിയെന്നും എന്നാൽ 13 സെമിനാറുകളിലായി പരിപാടി പുനഃക്രമീകരിക്കുകയുണ്ടായെങ്കിലും, അതിനനുസൃതമായി പദ്ധതി പ്രോജക്ട് പുതുക്കി തയ്യാറാക്കി അംഗീകരിയ്ക്കുകയോ, ധനകാര്യ വിശകലനം നടത്തി പദ്ധതി ചെലവുകൾ പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ലായിരുന്നെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

13. അന്നത്തെ നിർവ്വഹണോദ്യോഗസ്ഥൻ ഇപ്പോഴെവിടെയുണ്ടെന്ന് സമിതി യാരാഞ്ഞതിന് അന്നത്തെ നിർവ്വഹണോദ്യോഗസ്ഥൻ എവിടെയാണെന്നറിയില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് സർചാർജ് നടപടി ഒഴിവാക്കിയതെന്നും അതിനാൽ ഇതു സംബന്ധിച്ച ഫയൽ സെക്രട്ടറിയുടെ ഓഫീസിലുണ്ടാകുമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു.

14. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്നത്തെ ജില്ലാ ലേബർ ഓഫീസർ ശ്രീ. വി. കെ. പുരുഷോത്തമന് കത്തയച്ചതെന്നാണെന്നും ഇതുമായി ബന്ധപ്പെട്ട് ഫയലുണ്ടോയെന്നും സമിതിയാരാഞ്ഞതിന് 17-12-2005-ലാണ് കത്തയച്ചതെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. 28-11-2005-ലെ സമിതി യോഗത്തിൽ ഇതു സംബന്ധിച്ച് പരാമർശമുണ്ടായിട്ടും 17-12-2005-ൽ മാത്രമാണ് കത്തയച്ചത്. സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണിതെന്നും സമിതി അഭിപ്രായപ്പെട്ടു. 17-11-2003-ൽ 20,416 രൂപ ഈടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കത്ത് ഫയലിലുണ്ടോയെന്ന് സമിതിയാരാഞ്ഞതിന് കൊണ്ടുവന്നിട്ടില്ലെന്നും 15-12-2005-ന് തുക അടയ്ക്കാൻ 7 ദിവസത്തെ സമയം അനുവദിച്ച് രജിസ്റ്റേർഡ് കത്തയച്ചിട്ടുണ്ടെന്നും എത്ര രൂപയാണെന്ന് ശ്രദ്ധിച്ചിട്ടില്ലെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

15. <u>17-11-2003-ൽ 20,416 രൂപ ഈടാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്നും അയച്ച കത്തിന്മേൽ 17-12-2005-ന് മാത്രമാണ് തുടർനടപടി സ്വീകരിച്ചത്. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയാണ് ഇതിൽ പ്രകടമാകുന്നതെന്നും ആയതിനാൽ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

16. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഈടാക്കുവാനുള്ള തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഇതിന് വീഴ്ച വരുത്തിയാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് അതീവ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിലും അതിന്മേൽ തുടർനടപടി സ്വീകരിക്കുവാനോ ഇതു സംബന്ധിച്ച അന്വേഷണം നടത്തുവാനോ തദ്ദേശസ്വയംഭരണ വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം
2008, ജൂൺ 26.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഓഡിറ്റ് ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 10 | പദ്ധതി നിർവ്വഹണോദ്യോഗസ്ഥയും പാലക്കാട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുമായിരുന്ന ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യതയായ 26,080 രൂപ അവരിൽ നിന്നും അടിയന്തിരമായി ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവുവയ്ക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിക്കു ലഭ്യമാക്കണമെന്നു സമിതി ആവശ്യപ്പെടുന്നു. |
| | | 11 | ശ്രീമതി ലളിതാ ടി. ഡേവിഡിന്റെ ബാദ്ധ്യത 26,080 രൂപയായി നിശ്ചയിച്ചുകൊണ്ട് 2005 മാർച്ച് 30-ാം തീയതി ഗവൺമെന്റിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടും പഞ്ചായത്തിനു ലഭിക്കേണ്ട തുക കൃഷി വകുപ്പ് ഈടാക്കി അടയ്ക്കും എന്ന ധാരണയോടുകൂടി തികച്ചും ലാഘവബുദ്ധിയോടെ വിഷയം കൈകാര്യം ചെയ്ത ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ നടപടിയെ സമിതി അപലപിക്കുന്നു. 8 മാസത്തോളം ഇക്കാര്യത്തിൽ മൗനം ദീക്ഷിച്ച പഞ്ചായത്ത് സമിതി, ഈ വിഷയം 23-11-2005-നു നിയമസഭാ സമിതി പരിശോധിച്ചതിനുശേഷം മാത്രമാണ് അതായത് 30-11-2005 നാണ് രജിസ്റ്റേർഡ് നോട്ടീസ് ബാദ്ധ്യസ്ഥനു അയച്ചിട്ടുള്ളത്. പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് അലംഭാവം കാണിച്ച പഞ്ചായത്തു സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | 15 | 17-11-2003-ൽ 20,416 രൂപ ഈടാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്നും അയച്ച കത്തിന്മേൽ 17-12-2005-ന് മാത്രമാണ് തുടർനടപടി സ്വീകരിച്ചത്. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലുള്ള ഗുരുതരമായ വീഴ്ചയാണ് ഇതിൽ പ്രകടമാകുന്നതെന്നും ആയതിനാൽ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നു സമിതി നിർദ്ദേശിക്കുന്നു. |
| | | 16 | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഈടാക്കുവാനുള്ള തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഇതിന് വീഴ്ച വരുത്തിയാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക പിഴപ്പലിശ സഹിതം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 17 | പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് അതീവ ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിലും അതിന്മേൽ തുടർ നടപടി സ്വീകരിക്കുവാനോ ഇതു സംബന്ധിച്ച അന്വേഷണം നടത്തുവാനോ തദ്ദേശസ്വയംഭരണ വകുപ്പ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ പാലക്കാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |